പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5488 — 25.10.2011ൽ മറുപടിക്ക്

## നിലം നികത്തുന്നതുമായി ബന്ധപ്പെട്ട റവന്യൂ കേസുകൾ

ചോദ്യം — ഉത്തരം

ശ്രീമതി.പി.അയിഷാ പോറ്റി : — ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) കൊട്ടാരക്കര താലൂക്കിൽ നിലം നികത്തൽ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടവയുടെ മേൽ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) താലൂക്കിൽ നിലം നികത്തുന്നതുമായി ബന്ധപ്പെട്ട് റവന്യൂ അധികാരികൾ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവയുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ ; | (ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) കൊട്ടാരക്കരയിൽ രാത്രികാലത്ത് നിലം നികത്തുന്നതുമായി ബന്ധപ്പെട്ട് ടിപ്പർ ലോറിയിൽ വൈദ്യുതാഘാതമേറ്റ് ഒരാൾ മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് റവന്യൂ അധികാരികൾ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ? | (ഡി) പ്രസ്തുത സംഭവുമായി ബന്ധപ്പെട്ട വസ്തു ഉടമകൾക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിയ്ക്കുവാൻ കൊട്ടാരക്കര സർക്കിൾ ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും നിലം നികത്തിയതിനെതിരെ വസ്തു ഉടമകളുടെ പേരിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിയ്ക്കുവാൻ താലൂക്കാഫീസിൽ നിന്നും ആർ.ഡി.ഒ.യ്ക്ക് ശുപാർശ ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ